# 'ദൈവത്തെ മഹത്വപ്പെടുത്തുക'

2 തെസ്സലൊനീക്യർ 1:11–12

''അതുകൊണ്ടു ഞങ്ങൾ നമ്മുടെ ദൈവത്തിന്റെയും കർത്താവായ യേശു ക്രിസ്തുവിന്റെയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം നിങ്ങളിലും നിങ്ങൾ അവനിലും മഹത്വപ്പെടേണ്ടതിന്നു നമ്മുടെ ദൈവം നിങ്ങളെ തന്റെ വിളിക്കു യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകല താൽപര്യവും വിശ്വാസത്തിന്റെ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കിത്തരേണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു.''

2 തെസ്സലൊനീക്യർ 1–)o അദ്ധ്യായം തുടക്കം മുതൽ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും തെസ്സലോന്യ സഭ വളരെയേറെ കഷ്ടതകളിലൂടെ കടന്നുപോകുന്ന ഒരു സന്ദർഭമാണ്. അവരെ പൗലോസ് ആശ്വസിപ്പിച്ച് അവർക്കു വേണ്ടി പ്രാർത്ഥിക്കുന്ന ഒരു ഭാഗമാണ് നാം വായിച്ചത്. അവിടെ കാണുന്നു ഈ കഷ്ടതകൾ സഹിച്ച് അവരെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാംവണ്ണം അവർ മുമ്പോട്ട് പോകുവാൻ വേണ്ടിയാണ് പൗലോസ് പ്രാർത്ഥിക്കുന്നത്.

ഒരു നാണയത്തിനു രണ്ട് വശങ്ങൾ ഉള്ളതുപോലെ, കർത്താവിന്റെ വിളിക്കു യോഗ്യമാംവണ്ണം നിൽക്കുന്നവരെക്കൊണ്ടുള്ള 2 ഫലങ്ങൾ നമുക്ക് 11–12 വാക്യങ്ങളിൽ കാണാൻ കഴിയും.

ആദ്യമായി അവിടെ പറയുന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം നിങ്ങളിൽ മഹത്വപ്പെടേണ്ടതിനു എന്ന്. എങ്ങനെയാണ് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം നമ്മിൽ മഹത്വപ്പെടുന്നത്? നാം അവനെ തക്കതായ രീതിയിൽ നമ്മിലൂടെ ഈ ലോകത്തിനു കാണിച്ചുകൊടുക്കുമ്പോൾ. അങ്ങനെ ചെയ്യുമ്പോൾ നാം മൂലം അവന്റെ നാമം മഹത്വപ്പെടുവാൻ ഇടയായിത്തീരുന്നു. എന്നാൽ ഒന്നു ചിന്തിച്ചു നോക്കിയാൽ നാം ആശ്ചര്യപ്പെട്ടുപോകും, കാരണം വെറും പ്രാണിയും പുഴുവുമായ മനുഷ്യജന്മത്തിനു എങ്ങനെ ഈ ലോകത്തിന്റെ സൃഷ്ടാവും, ലോകപാലകനും, രാജാധിരാജാവും ആയ നമ്മുടെ ദൈവത്തിന്നു തക്ക മഹത്വം കരേറ്റാനാവും. അതു സാധ്യമാവണമെങ്കിൽ നമുക്കു പറയാൻ കഴിയണം നമുക്ക് നമ്മുടെ ദൈവവുമായി വ്യക്തമായ ഒരു ബന്ധമുണ്ടെന്ന്. കാരണം പാപികളായിരുന്ന നമ്മെ നാം പാപികളായിരിക്കുമ്പോൾ തന്നെ തന്റെ ഏകജാതനായ പുത്രന്റെ ജീവനെ തന്നു നമ്മെ സ്നേഹിച്ച ദൈവമാ, അങ്ങനെയെങ്കിൽ അവന്നു നമ്മോട് നാം അവന്റെ വെറും

സൃഷ്ടികൾ എന്നതിലുപരി ഒരു ബന്ധം ഉണ്ടായിരിക്കണം. ആ ബന്ധമാണ് ദൈവം തന്റെ കൃപയാൽ നമുക്ക് ക്രിസ്തുവിനോടുള്ള വിശ്വാസത്താൽ നമ്മെ തന്റെ മക്കളാക്കിത്തീർത്തു എന്നുള്ളത്.

യോഹന്നാൻ 1:12

"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു"

ഗലാത്യർ 3:26

"ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു."

ഇനി നമുക്ക് വചനത്തിന്റെ രണ്ടാം ഭാഗം നോക്കുകയാണെങ്കിൽ കാണാം അവിടെ പറയുന്നു നിങ്ങൾ അവനിൽ മഹത്വപ്പെടേണ്ടതിന്നു എന്നു. എങ്ങനെയാണ് നാം അവനിൽ മഹത്വപ്പെടുന്നത്. നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുമ്പോൾ നാം അവനിൽ വിശ്വസിച്ച് അവൻ തലയായിരിക്കുന്ന അവന്റെ സഭയിലെ അംഗങ്ങളായിട്ടാണ് ജീവിക്കുന്നത്. അപ്പോൾ സഭയാകുന്ന ശരീരത്തിന്റെ തലയാകുന്ന ക്രിസ്തു മഹത്വപ്പെടുമ്പോൾ സ്വാഭാവികമായി സഭയും അതിലെ ഓരോ അംഗങ്ങളും മഹത്വപ്പെടുകയാണ് ചെയ്യുന്നത്.

1 കൊരിന്ത്യർ 12:27

"എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു."

എഫെസ്യർ 5:30

'നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ."

അതു കൊണ്ട് നാം നമ്മുടെ കർത്താവിന്നു മഹത്വം കരേറ്റുമ്പോൾ അവൻ നമ്മെ നിത്യമായ സമാധാനത്താലും, സ്നേഹത്താലും, സന്തോഷത്താലും അനുഗ്രഹിക്കും. നമ്മുടെ ജീവിതത്തിൽ ആത്മീയമായ ഒരു സന്തോഷം നമുക്ക് അനുഭവിക്കുവാൻ സാധിക്കും; അതു നമ്മുടെ ഭൗതീകമായ ജീവിതത്തിലെ പ്രതിസന്ധികളെയും, പ്രശ്നങ്ങളെയും, കഷ്ടതകളെയും മറികടക്കുവാൻ നമുക്ക് പ്രചോദനമാകും. ഈ വകയൊക്കെ നമുക്കു ചിന്തിക്കാവുന്നതിലും നിനക്കാവുന്നതിലും ഒക്കെ അപ്പുറത്താണ്. ശരിക്കും ദൈവം നമ്മെക്കൊണ്ട് ഉദ്ദേശിക്കുന്നത് എന്നു പറയുന്നത്, നാം ഏതു

കഷ്ടതയിലായിരുന്നാലും, പ്രശ്നങ്ങളിലായിരുന്നാലും അതിനെയൊക്കെ അതിജീവിച്ച് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ രക്ഷാസുവിശേഷം മറ്റുള്ളവരിലേക്ക് എത്തിക്കുകയും അവന്റെ ജീവിക്കുന്ന സാക്ഷികളായി ഈ ലോകത്തിന്റെ മുമ്പാകെ ഉറപ്പോടെ നിൽക്കുകയും അതു വഴി ദൈവത്തിന്നു മഹത്വം കരേറ്റുകയും ചെയ്യുക എന്നതാണ്.

അങ്ങനെയെങ്കിൽ ദൈവത്തിന്റെ മക്കൾ എന്നു അവകാശമുള്ള നാം ആ അവകാശം നഷ്ടമാക്കാതെ നമ്മുടെ പിതാവിന്റെ ഇഷ്ടം ഇന്നത് എന്നു തിരിച്ചറിഞ്ഞ് നമ്മുടെ ജീവിതം മുമ്പോട്ട് കൊണ്ട്പോകാം. അതിനു ദൈവത്തിന്റെ അതിപരിശിദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

റോമർ 8:28

"എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."

ബ്രദർ ബിനു ബേബി ആലപ്പുഴ 13